പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

06.01.2024

## ട്രെയിൻ യാത്രയിൽ ചായവീണ് ബാലന് പൊള്ളലേറ്റ സംഭവം ബാലാവകാശ കമ്മിഷൻ കേസെടുത്തു

തലശ്ശേരിയിൽ നിന്ന് ട്രെയിൻ കയറിയ എഴ് വയസ്സുക്കാരന് ട്രെയിനിനുള്ളിൽ സഹയാത്രികന്റെ കൈയ്യിൽ നിന്നും ചായ തൂകി പൊള്ളലേറ്റ സംഭവം ബാലാവകാശ കമ്മിഷൻ സ്വമേധയാ കേസെടുത്തു. ട്രെയിൻ കണ്ണൂർ സ്റ്റേഷൻ കഴിയവെ സഹയാത്രികന്റെ കൈയ്യിൽ നിന്നും ചായ കുട്ടിയുടെ കൈയ്യിലും കാലിലും വീണ് പൊള്ളുലേറ്റതായാണ് റിപ്പോർട്ട്. ഉള്ളാളം സ്റ്റേഷനിൽ ഇറങ്ങി സ്റ്റേഷൻ മാസ്റ്ററെ കാണാൻ കുട്ടിയോടും അമ്മയോടും  റ്റി.റ്റി.ആർ നിർദ്ദേശിക്കുക യായിരുന്നു. ഇതിനിടെ ചായ തൂകിയ  സഹായത്രികൻ കടന്നതായും പറയുന്നു. 2024  ജനുവരി 3 കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നടന്ന സംഭവം സംബന്ധിച്ച് പാലക്കാട് ഡിവിഷണൽ മാനേജരോടും, റെയിൽവേ പോലീസിനോടും, കണ്ണൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറോടും അടിയന്തര റിപ്പോർട്ട് നൽകാൻ ബാലാകാശ കമ്മിഷൻ ചെയർപേഴ്സൺ കെ.വി.മനോജ്കുമാർ നിർദ്ദേശം നൽകി.

പബ്ളിക് റിലേഷൻസ് ഓഫീസർ